# തെരഞ്ഞെടുപ്പ് ജനവിരുദ്ധ നിലപാടുകളുടെ വിചാരണവേദിയാക്കുക

അഡ്വ. എസ്. രാജഗോപാൽ

വിവിധ കക്ഷിരാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ കഴിഞ്ഞകാല ഭരണ നടപടികളും നയങ്ങളും ജനവിരുദ്ധ നിലപാടുകളും വിചാരണ ചെയ്യപ്പെടാനുള്ള വേദിയായി മനുഷ്യാവകാശ പ്രതിരോധ പ്രവർത്തകർക്ക് ഈ പൊതു തിരഞ്ഞെടുപ്പിനെ ഉപയോഗപ്പെടുത്താൻ കഴിയണം. മുഖ്യധാരാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ എല്ലാം തന്നെ - ദാരിദ്ര്യം, തൊഴിലില്ലായ്മ, പാർപ്പിട പ്രശ്നങ്ങൾ, കുടിവെള്ള ക്ഷാമം, പൊതുജനാരോഗ്യ രംഗത്തെ അസമത്വങ്ങൾ തുടങ്ങി അടിസ്ഥാന ജനകീയ പ്രശ്നങ്ങളും രാഷ്ട്രീയ പ്രശ്നങ്ങളും തിരഞ്ഞെടുപ്പ് വിഷയമാക്കാൻ താൽപര്യം കാണിക്കുന്നില്ല. തിരഞ്ഞെടുപ്പ് ഗോദയിലുള്ള ഈ രാഷ്ട്രീയ പ്രസ്ഥാനങ്ങൾ സ്വീകരിച്ചു വരുന്ന നിലപാടുകൾ സമാന സ്വഭാവമുള്ളവയാണ്. അടിമുടി ആയുധവൽക്കരിക്കപ്പെട്ട ഭരണകൂടവും ജനകീയ പ്രശ്നങ്ങളോട് നിസ്സംഗത നടിക്കുന്ന സമൂഹവും ആണ് ഇന്ന് പ്രതിരോധ പ്രവർത്തകർക്ക് അഭിമുഖീകരിക്കാനുള്ളത്. അനീതിക്കെതിരെ പ്രതിഷേധിക്കുന്നതും അന്യായത്തിനു നേരെ വിരൽ ചൂണ്ടുന്നതും ഒരുതരം കുറ്റകൃത്യമായി കക്ഷിരാഷ്ട്രീയവൽക്കരിക്കപ്പെട്ട കേരളീയ സമൂഹം കരുതി പോരുന്നുണ്ട്. ഒന്നും ചെയ്യാതിരിക്കുകയും എന്തെങ്കിലും ചെയ്യുന്നവരെ പരിഹസിക്കുകയും ചെയ്യുന്നത് ഇന്നത്തെ പരിഷ്കൃത രീതിയാണ്. ഇത്തരം ഒരു സാമൂഹ്യ അന്തരീക്ഷത്തിൽ മനുഷ്യാവകാശ പ്രതിരോധ പ്രവർത്തകർക്ക് കടുത്ത വെല്ലുവിളികൾ നേരിടേണ്ടി വരുന്നുണ്ട്.

ഇന്ന് ഇന്ത്യയിൽ നിലനിൽക്കുന്ന ജനാധിപത്യ അവകാശങ്ങൾക്കും തിരഞ്ഞെടുപ്പ് രീതികൾക്കും നിരവധി പോരായ്മകളും കോട്ടങ്ങളുമുണ്ട്. തിരഞ്ഞെടുപ്പുകളിൽ വോട്ടുചെയ്യുവാനും ജനപ്രതിനിധികളെ ബാലറ്റ് പേപ്പറിലൂടെ പ്രഖ്യാപിക്കുവാനുമുള്ള അധികാരം പോരാട്ടങ്ങളിലൂടെ നേടിയെടുത്ത് മഹത്തായ ഒരു പൗരാവകാശമാണ്. ഇന്ന് ലോകത്തിലെ പല ഭാഗങ്ങളിലും വോട്ടവകാശങ്ങൾക്കു വേണ്ടി ലക്ഷക്കണക്കിന് ആളുകൾ സമരം ചെയ്തു കൊണ്ടിരിക്കുന്നുണ്ട്. അതുകൊണ്ട് രാജ്യത്ത് നിലനിൽക്കുന്ന ദുഷിച്ച സാമൂഹ്യ അവസ്ഥ ചൂണ്ടിക്കാട്ടി തിരഞ്ഞെടുപ്പുകളെ ബഹിഷ്ക്കരിക്കുന്നത് അനുകരിക്കാവുന്ന മാതൃകയല്ല. കക്ഷി-രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ജനവിരുദ്ധത ചൂണ്ടിക്കാട്ടി ജനനന്മയ്ക്ക് അനുസൃതമായ ആശയങ്ങളും ലക്ഷ്യങ്ങളും ഉയർത്തിപ്പിടിച്ച് തിരഞ്ഞെടുപ്പിൽ പങ്കെടുക്കുന്ന നിരവധി പാർട്ടികളും പ്രസ്ഥാനങ്ങളും ഇന്ന് നിലവിലുണ്ട്. ആദിവാസികളെ വോട്ടു ബാങ്കായി കണക്കാക്കി ചൂഷണം ചെയ്തു വരുന്ന സ്ഥാപിത താൽപര്യങ്ങൾക്കെതിരെ നിലകൊള്ളുന്ന സി. കെ.ജാനുവും എം.ഗീതാനന്ദനും നേതൃത്വം നൽകുന്ന രാഷ്ട്രീയ മഹാസഭയും, കർഷകരുടെ കടക്കെണിക്കും വർദ്ധിച്ചുവരുന്ന ആത്മഹത്യകൾക്കുമെതിരെ ശബ്ദമുയർത്തുന്ന ഫാർമേഴ്സ് റിലീഫ് ഫോറവും, മദ്യവിരുദ്ധ ജനകീയ മുന്നണിയും, സാമ്രാജ്യത്വത്തിനും അമേരിക്കയുടെ മൂന്നാം ലോക രാജ്യങ്ങളുടെ മേലുള്ള ആധിപത്യത്തിനും യുദ്ധഭീഷണിക്കും ആഗോളവത്കരണ സാമ്പത്തിക നയങ്ങൾക്കുമെതിരെ ശക്തമായി നിലകൊള്ളുന്ന ഗ്രൂപ്പുകളും പ്രസ്ഥാനങ്ങളും നിറുത്തിയിട്ടുള്ള സ്ഥാനാർത്ഥികളും അടക്കം സ്വതന്ത്ര ചിന്താഗതിക്കാരായ നിരവധി പേർ മത്സരരംഗത്തുണ്ട്. സ്വതന്ത്ര ചിന്താഗതിക്കാരായ സ്ഥാനാർത്ഥികൾക്ക് ലഭിക്കുന്ന വോട്ടുകൾ വ്യവസ്ഥാപിത രാഷ്ട്രീയ പ്രസ്ഥാനങ്ങളോടുള്ള പ്രതിഷേധ ശബ്ദമായി കണക്കാക്കാൻ കഴിയും.